"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- മലപ്പുറം ജില്ലയിലെ ഓമാനൂർ യു . എ . എച്ച് . എം . യു . പി . സ്കൂളിലെ എൽ . ജി . ഉറുദു ടീച്ചർ ശ്രീമതി . യു . മുഹ്സിന ബഹ കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത 1414/2021(ബി) നമ്പർ റിട്ട് ഹർജിയിലെ വിധിന്യായം പാലിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2365/2022/GEDN തീയതി,തിരുവനന്തപുരം, 12-04-2022

---

പരാമർശം:-

1 02.05.1973 ലെ സ.ഉ.(കൈ)നമ്പർ.62/73 നമ്പർ ഉത്തരവ്

2 26.02.11 ലെ 56/11/പൊ.വി.വ നമ്പർ ഉത്തരവ്

3. 14.10.15 ലെ 44977/J2/13 നമ്പർ സർക്കുലർ

4. 19.02.2020-ലെ സ.ഉ (സാധാ) നം.880/2020/പൊ.വി.വ നമ്പർ ഉത്തരവ്

5 ശ്രീമതി . യു . മുഹ്സിന ബഹ കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത 1414/2021(ബി) നമ്പർ റിട്ട് ഹർജി

6. ശ്രീമതി . യു . മുഹ്സിന ബഹ കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത 1414/2021(ബി) നമ്പർ റിട്ട് ഹർജിയിന്മേലുള്ള 09/02/2021 ലെ വിധിന്യായം

7 9/3/2021 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ജി2/3168/2021/ഡി.ജി.ഇ നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ഓമാനൂർ യു.എ.എച്ച്.എം.യു.പി.സ്കൂളിലെ എൽ.ജി.ഉറുദു ടീച്ചർ ശ്രീമതി.യു.മുഹ്സിന ബഹ കേരള ഹൈക്കോടതി മുമ്പാകെ പരാമർശം 5 പ്രകാരം ഫയൽ ചെയ്ത റിട്ട് ഹർജി നം.1414/2021 (ബി) നമ്പർ കേസ്സിലെ പരാമർശം 6 പ്രകാരമുള്ള വിധിന്യായത്തിൽ 19.02.2020-ലെ സർക്കാർ ഉത്തരവ് (എക്സിബിറ്റ് പി15)റദ്ദാക്കി ഹർജിക്കാരിയെയും സ്കൂൾ മാനേജരേയും നേരിൽ കേട്ട ശേഷം ഉചിത ഉത്തരവ് സർക്കാർ പുറപ്പെടുവിക്കണമെന്നാണ് നിർദ്ദേശിച്ചിരുന്നു. അതിൻ പ്രകാരം 16.03.2021ന് ഹിയറിംഗ് നടത്തുകയുണ്ടായി.

2. പ്രസ്തുത ഹിയറിംഗിൽ ഹർജിക്കാരിയുടെയും സ്കൂൾ മാനേജരുടെയും പ്രതിനിധിയായി ഓമാനൂർ യു.എ.എച്ച്.എം.യു.പി സ്കൂൾ ഹെഡ്മാസ്റ്ററും, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിലെ പ്രതിനിധിയും പങ്കെടുത്തു. ഹിയറിംഗ് വേളയിൽ ഹർജിക്കാരിയുടെയും സ്കൂൾ മാനേജരുടെയും പ്രതിനിധി ഇരുവരുടെയും പേരിൽ പത്രികകൾ സമർപ്പിച്ചു.

3. സർക്കാർ മുമ്പാകെ സ്കൂൾ മാനേജർ സമർപ്പിച്ച എക്സിബിറ്റ് 'പി14' റിവിഷൻ പെറ്റീഷനിലും, സ്കൂൾ മാനേജരുടെയും ഹർജിക്കാരിയുടെയും പ്രതിനിധിയായി ഹിയറിംഗിന് ഹാജരായ ഓമാനൂർ യു.എ.എച്ച്.എം.യു.പി സ്കൂൾ ഹെഡ്മാസ്റ്റർ ഹിയറിംഗ് വേളയിൽ ഇരുവരുടെയും പേരുകളിൽ സമർപ്പിച്ച പത്രികകളിലും ഉന്നയിച്ച വാദഗതികൾ താഴെ പറയുന്നവയാണ്.

എ) ഹർജിക്കാരി യു.പി.എസ്.എ ലീവ് സബ്സ്റ്റ്യൂട്ട് ആയി തുടരവേ സ്കൂളിലെ ഫുൾടൈം ഉറുദു അദ്ധ്യാപകൻ ശ്രീ.അഹമ്മദ്കുട്ടി യു.കെ 28.2.2013 ന് സ്വമേധയാ വിരമിച്ച സ്ഥിരം ഒഴിവിൽ ആഗിരണം ചെയ്തു ശമ്പളസ്കെയിലിൽ മാനേജർ നിയമിച്ചത് 22.4.2013 -ലെ സ.ഉ.(പി) 144/2013/പൊ.വി.വ ഉത്തരവ് പ്രകാരം പുതിയ നിയമനമായി കണക്കാക്കുമ്പോൾ ദിവസവേതനാടിസ്ഥാനത്തിലാണ് നടത്തേണ്ടത് എന്ന കാരണത്താൽ നിരസിച്ച എ.ഇ.ഒ യുടെ നടപടി ജി.ഒ (എം.എസ്) 275/99/പൊ.വി.വ ഉത്തരവ് പ്രകാരം നിയമാനുസൃതമല്ല. കൂടാതെ ടി നടപടി കെ.ഇ.ആർ അദ്ധ്യായം XIV എ റൂൾ 49 നും 2013(1) KHC 660 -ൽ റിപ്പോർട്ട് ചെയ്തിട്ടുള്ള കോടതിവിധിക്കും എതിരാണ്. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ജി.ഒ.(പി) 144/2013/പൊ.വി.വ ഉത്തരവ് ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ട്. സുപ്രീം കോടതി വിധി പ്രകാരം റെഗുലർ തസ്തികയിൽ നിയമിക്കപ്പെട്ടവർക്ക് ശമ്പള സ്കെയിലിനും അവധി ശമ്പളത്തിനും അർഹതയുണ്ട്. ആയതിനാൽ 1.3.2013 മുതലുള്ള ഹർജിക്കാരിയുടെ നിയമനം ഫുൾടൈം റെഗുലറായി അംഗീകരിക്കേണ്ടതാണ്.

(ബി) 2012-13, 2013-14 വർഷങ്ങളിൽ സ്കൂളിൽ ഫുൾടൈം തസ്തികയില്ല എന്ന തടസ്സവാദവും അടിസ്ഥാനരഹിതമാണ്. ജി.ഒ (പി) നം.199/2011/പൊ.വി.വ തീയതി 1.10.2011 ന്റെ അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയം നടത്താത്ത സാഹചര്യത്തിൽ 2010-11 ലെ തസ്തിക 2015-16 വരെ തുടരുന്നതാണെന്ന് ഉത്തരവായിട്ടുണ്ട് പിന്നീട് ജി.ഒ.(പി) 29/2016/പൊ.വി.വ തീയതി 29.01.2016 പ്രകാരം സ്റ്റാഫ് ഫിക്സേഷൻ അനുവദിച്ചപ്പോൾ ഉറുദു തസ്തിക പാർട്ട് ടൈം ആയിട്ടാണ് എ.ഇ.ഒ ഉത്തരവായത്. മേൽപ്പടി ഉത്തരവ് പ്രകാരം 2011-12 മുതൽ 1:30/1:35 അനുപാതത്തിൽ ഫുൾ ടൈം തസ്തികയ്ക്ക് അർഹതയുണ്ടായിട്ടും എ.ഇ.ഒ മാനേജർ അപേക്ഷ നൽകിയിട്ടില്ല എന്ന കാരണത്താലാണ് പാർട്ട് ടൈം തസ്തിക അനുവദിച്ചത്. മതിയായ കുട്ടികളുണ്ടെങ്കിൽ തസ്തിക അനുവദിക്കുന്നതിന് മാനേജരുടെ അപേക്ഷ ആവശ്യമില്ല. 2012-13, 2013-14 വർഷങ്ങളിലും മതിയായ കുട്ടികൾ ഉള്ളതിനാൽ ഗ്രൂപ്പ് സി ഡൈവേർഷൻ ഇല്ലാതെ തന്നെ ഫുൾ ടൈം തസ്തിക അനുവദിക്കേണ്ടതാണ്.

സി) 2013-ലെ വേക്കേഷൻ സാലറിക്ക് ഹർജിക്കാരിക്ക് അർഹതയില്ലെന്ന തടസ്സവാദവും നിയമാനുസൃതമല്ല. 04.06.2012 മുതൽ യു.പി.എസ്.ടി റെഗുലർ തസ്തികയിൽ യാതൊരു സേവന ഭംഗവും ഇല്ലാതെ തുടരുന്ന ഹർജിക്കാരിയെ 01.03.2013 മുതൽ സ്ഥിരം ഉറുദു അദ്ധ്യാപക തസ്തികയിൽ ആഗിരണം ചെയ്ത് നിയമിച്ചത് പുതിയ നിയമനമായി കണക്കാക്കാവുന്നതല്ല. വിരമിക്കൽ ഒഴിവിലെ അബ്സോർഷനായതുകൊണ്ട് 8മാസത്തെ നിബന്ധന ബാധകമല്ല. ആയതിനാൽ 8 മാസത്തെ സർവ്വീസില്ലെന്ന കാരണം ഉന്നയിച്ച് വേക്കേഷൻ സാലറി നിഷേധിക്കുന്നത് കെ.ഇ.ആർ അദ്ധ്യായം XIV A റൂൾ 49 നും 22.3.2013- ലെ CA No.1643/13 Sneha Cherian V. State of Kerala കേസ്സിലെ (2013(1) KLT 755) വിധിക്കും വിരുദ്ധമാണ്. സമാനമായ കേസ്സായ W.P (c) No.20919/2015 -ലെ 10.12.2015-ലെ വിധിയിലെ (എക്സിബിറ്റ് പി13) റൂളിംഗ് പ്രകാരവും ഹർജിക്കാരിക്ക് വേക്കേഷണൽ സാലറിക്ക് അർഹതയുണ്ട്.

4. പരാമർശം 7 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ഇപ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. മലപ്പുറം ജില്ലയിലെ കിഴിശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള ഓമാനൂർ യു.എ.എച്ച്.എം.യു.പി സ്കൂളിൽ 04.06.2012 മുതൽ 30.04.2013 വരെ യു.പി.എസ്.എ തസ്തികയിൽ ലീവ് സബ്സ്റ്റ്യൂട്ട് ആയി നിയമനാംഗീകാരത്തോടെ ജോലി ചെയ്തു വന്നിരുന്ന ശ്രീമതി.മുഹ്സിന.യു എന്നിവരെ അതേ സ്കൂളിലെ ഉറുദു അദ്ധ്യാപകൻ ശ്രീ.മുഹമ്മദ് കുട്ടി.യു.കെ 28.02.2013ന് സ്വമേധയാ വിരമിച്ച ഒഴിവിൽ 1.3.2013 മുതൽ റഗുലർ ഫുൾടൈം ഉറുദു അധ്യാപികയായി നിയമിച്ചു. ഈ നിയമനം സ.ഉ.(പി) നമ്പർ 144/2013 പൊ.വി.വ തീയതി 22.04.2013 പ്രകാരം റഗുലർ വ്യവസ്ഥയിൽ പരിഗണിക്കാൻ സാധിക്കുകയില്ല

എന്നും ദിവസവേതനാടിസ്ഥാനത്തിൽ ആണ് നികത്തപ്പെടേണ്ടതെന്നും ശ്രീ.മുഹമ്മദ് കുട്ടി.യു.കെ എന്നിവരെ ഫുൾടൈം ആനുകൂല്യംനൽകി നിറുത്തുകയായിരുന്നുവെന്നും ടിയാൻ റിട്ടയർ ചെയ്തതു മുതൽ തസ്തിക പാർട്ട് ടൈം ഉറുദു തസ്തികയായി മാറിയിട്ടുണ്ട് എന്നും എന്നാൽ മാനേജർ ശ്രീമതി.മുഹ്സിന.യു എന്നിവരെ നിയമിച്ചത് ഫുൾടൈം ഉറുദു അധ്യാപികയായിട്ടാണെന്നും ചൂണ്ടിക്കാട്ടി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഈ നിയമനം നിരസിച്ചു. ആയതിനെതിരെ സമർപ്പിച്ച അപ്പീൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറും ഇതേ കാരണത്താൽ നിരസിച്ചു.

6. ടി ഓഫീസിൽ സമർപ്പിച്ച റിവിഷൻ ഹർജി 18.02.2015 -ലെ ജി2/45230/2014 പ്രകാരം ശ്രീ.മുഹമ്മദ് കുട്ടിയുടെ തസ്തിക നിലനിർത്തിയത് ഗ്രൂപ്പ് സി ഡൈവേർഷൻ അനുസരിച്ചായിരുന്നു. ടിയാൻ വിരമിച്ചതോടെ ഈ ആനുകൂല്യം ഇല്ലാതാകുകയും ചെയ്തു ടി സ്കൂളിൽ തസ്തിക നിർണ്ണയം അനുസരിച്ച് പാർട്ട് ടൈം ഉറുദു തസ്തികയെ നിലവിലുള്ളൂ. ആയതിനാൽ 01.03.2013 മുതൽ ഫുൾ ടൈം ആനുകൂല്യം ലഭിക്കണം എന്ന മാനേജരുടെ ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ ടിയാരിയുടെ നിയമനം നിരസിച്ച് ഉത്തരവാകുകയും ചെയ്തു.

7. മാനേജർ സർക്കാരിൽ സമർപ്പിച്ച ഹർജിയിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 01.12.2016 -ലെ എസ്2/961323/26/പൊ.വി.വ കത്ത്പ്രകാരം ചുവടെ ചേർത്തപ്രകാരം നിർദ്ദേശം നൽകുകയും ചെയ്തു. ശ്രീമതി.മുഹ്സിന.യു അവധി ഒഴിവിൽ ജോലി ചെയ്തു വരുന്നത് യു.പി.എസ്.എ തസ്തികയിലും സ്ഥിരനിയമനം 01.03.2013 മുതൽ പാർട്ട് ടൈം ഉറുദു തസ്തികയിലുമാണ്. ടി രണ്ട് നിയമനങ്ങളും 2 കാറ്റഗറിയായതിനാൽ 01.03.2013 മുതൽ ഉറുദു തസ്തികയിലുള്ള നിയമനം യു.പി.എസ്.എ തസ്തികയിലെ നിയമനത്തിന്റെ തുടർച്ചയായി പരിഗണിക്കാൻ കഴിയില്ല. 01.03.2013 മുതലാണ് പാർട്ട് ടൈം ഉറുദു ഒഴിവ് ഉണ്ടാകുന്നത്. അധ്യയന വർഷത്തിന്റെ അവസാനമായതിനാൽ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരം നിയമനം നടത്താൻ വ്യവസ്ഥയില്ല. ആയതിനാൽ ടിയാളുടെ പാർട്ട് ടൈം ഉറുദു നിയമനം പാർട്ട് ടൈം തസ്തിക ലഭ്യമാണെങ്കിലും 01.03.2013 മുതൽ അംഗീകരിക്കാൻ കഴിയില്ല. ആയതിനാൽ 2013-14 അധ്യയന വർഷത്തിന്റെ തുടക്കം മുതൽ ശ്രീമതി.മുഹ്സിനയുടെ പാർട്ട് ടൈം ഉറുദു തസ്തികയിലെ നിയമനം അംഗീകരിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

8. ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.മുഹ്സിനയുടെ നിയമനം പാർട്ട് ടൈം ഉറുദു തസ്തികയിൽ 03.06.2013 മുതൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകുകയും ചെയ്തു. 2014-15 വർഷത്തെ പുതുക്കിയ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം ഈ സ്കൂളിന് 2014 ജൂലായ് 15 മുതൽ ഫുൾടൈം ഉറുദു തസ്തിക അനുവദിച്ച് ഉത്തരവായിട്ടുണ്ട്. തുടർന്നുള്ള എല്ലാ വർഷങ്ങളിലും ഈ സ്കൂളിന് ഫുൾടൈം ഉറുദു തസ്തിക അനുവദിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.മുഹ്സിന.യു എന്നിവർക്ക് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ 15.07.2014 മുതൽ ഫുൾടൈം ഉറുദു തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

9. 01.03.2013 മുതൽ ഫുൾടൈം ഉറുദു അദ്ധ്യാപികയായി നിയമനാംഗീകാരം ലഭിക്കുന്നതിനായിട്ടാണ് ശ്രീമതി.മുഹ്സിന.യു ഈ കേസ് ഇപ്പോൾ ഫയൽ ചെയ്തിരിക്കുന്നത് ഫുൾടൈം ആനുകൂല്യത്തോടെ തുടർന്നിരുന്ന അധ്യാപകൻ വിരമിച്ചതോടെ തസ്തിക പാർട്ട് ടൈം ആയി മാറിയിട്ടുണ്ട് ആയതിൻ പ്രകാരം ടിയാരിയുടെ നിയമനം 01.03.2013 മുതൽ പാർട്ട് ടൈം ആയി ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ അംഗീകരിച്ചു നൽകിയിട്ടുണ്ട്. ആയതിനാൽ 01.03.2013 മുതൽ ഫുൾ ടൈം ഉറുദു അധ്യാപികയായി നിമനാംഗീകാരം ലഭിക്കണം എന്ന ആവശ്യം പരിഗണിക്കാൻ കഴിയില്ല.

10. മലപ്പുറം ജില്ലയിലെ ഓമാനൂർ യു.എ.എച്ച്.എം.യു.പി സ്കൂൾ മാനേജർ സമർപ്പിച്ചിട്ടുള്ള എക്സിബിറ്റ് പി14 റിവിഷൻ പെറ്റീഷൻ, ടിയാന്റെയും ഹർജിക്കാരിയുടെയും പ്രതിനിധിയായ സ്കൂൾ ഹെഡ്മാസ്റ്റർ ഹിയറിംഗ് വേളയിൽ സമർപ്പിച്ച പത്രികകളിലും ഉന്നയിച്ച വാദഗതികൾ എന്നിവ ബന്ധപ്പെട്ട രേഖകളുടെയും ചട്ടങ്ങളുടെയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരിശോധിച്ചു.

11. ഹർജിക്കാരി നിയമനാംഗീകാരത്തോടെ ഓമാനൂർ യു.എ.എച്ച്.എം.യു.പി സ്കൂളിൽ യു.പി.എസ്.എ തസ്തികയിൽ ലീവ് സബ്സ്റ്റിറ്റ്യൂട്ട് ആയി 04.06.2012 മുതൽ ജോലി ചെയ്തു വരവേ 28.02.2013ന് പ്രസ്തുത

സ്കൂളിലെ ഫുൾ ടൈം ബെനിഫിറ്റോടെയുള്ള എൽ.ജി.ഉറുദു അദ്ധ്യാപകൻ സ്വയം വിരമിച്ച സ്ഥിരം ഒഴിവിൽ സ്കൂൾ മാനേജർ 01.03.2013 പ്രാബല്യത്തിൽ ഫുൾ ടൈം ഉറുദു അദ്ധ്യാപികയായി ആഗിരണം ചെയ്ത് നിയമിക്കുകയാണ് ഉണ്ടായത്. ഇവിടെ ഹർജിക്കാരി ആദ്യം ജോലി ചെയ്ത യു.പി.എസ്.എ തസ്തികയുടെയും തുടർന്ന് ടിയാരിക്ക് നിയമനം ലഭിച്ചിട്ടുള്ള എൽ.ജി.ഉറുദു ഫുൾടൈം തസ്തികയുടെയും ശമ്പള സ്കെയിൽ (11620-20240) ഒന്നു തന്നെയാണ് എന്നത് ശ്രദ്ധേയമാണ്. മാത്രമല്ല ഹർജിക്കാരിയുടെ ആദ്യത്തെ നിയമനത്തിന് തുടർച്ചയായി തന്നെയാണ് വ്യവസ്ഥാപിതമായ ഒഴിവിലുള്ള രണ്ടാമത്തെ നിയമനം. ആയതിനാൽ സേവനഭംഗം (Service Break) ഉണ്ടാകുന്നില്ല. ആ സാഹചര്യത്തിൽ രണ്ട് നിയമനങ്ങളും വ്യത്യസ്ത കാറ്റഗറികളിലായതിനാൽ നിയമന തുടർച്ച ഇല്ല എന്ന വാദം ശരിയാണെന്ന് കരുതുന്നില്ല. മാത്രമല്ല 2010-11 -ലെ സ്റ്റാഫ് ഫിക്സേഷനിൽ സ്കൂളിലെ ഉറുദു അദ്ധ്യാപക തസ്തിക ഗ്രൂപ്പ് സി ഡൈവേർഷനിലൂടെയാണ് ഫുൾ ടൈം ബെനിഫിറ്റ് അനുവദിച്ച് നൽകിയത് എന്നാൽ 2012-13, 2013-14 വർഷങ്ങളിൽ എ.ഇ.ഒ എൽ.ജി പാർട്ട് ടൈം ഉറുദു തസ്തികയാണ് അനുവദിച്ചതെങ്കിലും ഫുൾ ടൈം തസ്തിക അനുവദിക്കാൻ അവശ്യമായ ഉറുദു പഠിക്കുന്ന കുട്ടികൾ പ്രസ്തുത സ്കൂളിൽ ഉണ്ടെന്ന് ടി കാലയളവിലെ സ്റ്റാഫ് ഫിക്സേഷനുകളിൽ നിന്ന് വ്യക്തമാണ്.

| | | CLASS | | | |
|---|---|---|---|---|---|
| Year | URUDU | V | VI | VII | TOTAL |
| 2012-13 | ROLL/EFFECTIVE STRENGTH (AS Per UID/EIDT Declaration) | 46 | 35 | 43 | 124 |
| 2013-14 | ROLL/EFFECTIVE STRENGTH (AS Per UID/EIDT Declaration) | 52 | 45 | 35 | 132 |

ആയതിനാൽ ഫുൾടൈം തസ്തിക അനുവദിക്കേണ്ടതാണെന്ന് കാണുന്നു.

12. മേൽ സാഹചര്യത്തിൽ ഹർജിക്കാരിയുടെ ഒരേ സ്കെയിലിലുള്ള സേവന ഭാഗം ഇല്ലാത്ത രണ്ട് നിയമനങ്ങളും പരിഗണിക്കുമ്പോൾ ടിയാരിക്ക് നിയമന തുടർച്ച ഉള്ളതായി കണക്കാക്കേണ്ടതാണ്. ആയതിനാൽ 01.03.2013 ന് സ്ഥിരം ഒഴിവിൽ നിയമിതയായ ടിയാരിക്ക് വേക്കേഷൻ സാലറിക്ക് അർഹതയുള്ളതായും കാണുന്നു.

13. വെക്കേഷൻ സാലറി സംബന്ധിച്ച 02.05.1973 ലെ സ.ഉ.(കൈ)നമ്പർ.62/73 ലെ ഖണ്ഡിക (ii) പ്രകാരം

" Vacation salary will be admissible to aided school teachers appointed against permanent posts in aided schools irrespective of the length of their service".

അതായത് പെർമനെന്റ് തസ്തികകളിലെ നിയമനങ്ങൾ, അവ ഒരു അക്കാഡമിക വർഷത്തിനിടെ എപ്പോൾ നടത്തപ്പെട്ടാലും ആ അക്കാഡമിക വർഷം തികയുന്നതിനു മുൻപ് 8 മാസത്തെ സർവ്വീസ് തികയുന്നില്ലെങ്കിലും നിയമിതരായവർക്ക് വെക്കേഷൻ സാലറിക്ക് അർഹതയുണ്ട്.

14. തുടർന്ന് 56/11/പൊ.വി.വ തീയതി 26.02.11 പ്രകാരം ചുവടെ പറയുന്ന നിർദേശം പുറപ്പെടുവിക്കുകയുണ്ടായി:-

നിലവിലുള്ള അധ്യാപകരുടെ റിട്ടയർമെന്റ്, രാജി, മരണം. ദീർഘകാലഅവധി ഇവ മൂലവും ഓരോ വർഷവും ഉണ്ടാകാവുന്ന അധിക ഡിവിഷൻ മൂലവും ലഭ്യമാകുന്ന മാർച്ച് 31 ന് ശേഷവും തുടരുന്ന അംഗീകൃത ഒഴിവുകളിൽ നിയമനങ്ങൾക്ക് കെ ഇ ആർ അധ്യായം 14 എ, റൂൾ 49 ലെ വ്യവസ്ഥകൾക്ക് വിധേയമായി അംഗീകാരം നൽകാവുന്നതാണ്.

15. എന്നാൽ NSS vs State of Kerala എന്ന കേസിൽ കേരള ഹൈക്കോടതി എപ്രകാരം വീക്ഷിക്കുകയുണ്ടായി:- any vacancy in the regular establishment filled in the course of the academic

year would have to be approved in the regular scale of pay with the sole rider of the entitlement of the vacation salary being confined to only those teachers who have worked for more than 8 months as provided in Rule 49 of Chapter 14A KER.

16. തുടർന്ന് സ്നേഹ ചെറിയാൻ വസ് സ്റ്റേറ്റ് ഓഫ് കേരള എന്ന കേസിൽ ബഹു സുപ്രീം കോടതി ഇപ്രകാരം നിരീക്ഷിക്കുകയുണ്ടായി:- the Manager of an aided school can, however, appoint, teachers in vacancies occurred due to death, retirement, promotion, resignation, long term leave etc provided they are established vacancies and the approval can be granted subject to the conditions under R.49 of Chapter 14 A KER.

17. ബഹു സുപ്രീം കോടതിയുടെ വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ 14.10.15 ലെ 44977/J2/13 പ്രകാരം ചില സ്പഷ്ടീകരണങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ആയതിന്റെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു:-

Teachers appointed for a period of more than one academic year against vacancies occurred due to death, retirement, promotion, resignation, long term leave etc will be entitled to get regular scale of pay irrespective of the time in which he is appointed during the course of that academic year subject to R.49 of Chapter 14 A of KER which implies that he will be getting his vacation salary if he does not complete 8 months.

18. Permanent തസ്തികകളായ death, retirement, promotion, resignation എന്നിവയ്ക്ക് Rule 49 പ്രയോഗിക്കാൻ കഴിയില്ല. കാരണം പ്രസ്തുത റൂൾ non-permanent തസ്തികകളെ പരാമർശിച്ചുകൊണ്ടുള്ളതാണ്. ഈ വീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് ജെ3/182/17 പ്രകാരം ഇങ്ങനെ ഒരു സ്പഷ്ടീകരണം പുറപ്പെടുവിച്ചത്:-

teachers appointed in permanent vacancies in aided schools shall be eligible for vacation salary irrespective of the length of service. Rule 49, Chapter 14 A KER is only applicable to the aided school teachers appointed in vacancies which are not permanent and in such cases vacation salary shall be disbursed only if the provisions in R49 are satisfied.

19. **മേൽ സാഹചര്യത്തിൽ ഈ വിഷയം** 02.05.1973 ലെ സ.ഉ.(കൈ)നമ്പർ. 62/73 ഉത്തരവ്, 56/11/പൊ.വി.വ തീയതി 26.02.11, 14.10.15 ലെ 44977/J2/13, ജെ-3/182/17 എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുകയും **ശ്രീമതി.യു.മുഹ്സിനയുടെ 01.03.2013 മുതലുള്ള നിയമനം സ്ഥിരം ഒഴിവിൽ (വിരമിക്കൽ ഒഴിവിൽ) )ആണെന്ന് കണ്ടതിനാൽ** Rule 49, Chapter 14 A KER **പ്രായോഗികമല്ല എന്ന് ബോധ്യപ്പെട്ടതിനാൽ സ്പഷ്ടീകരണങ്ങളുടെയടിസ്ഥാനത്തിലും,** Rule 49, Chapter 14 A KER **പ്രകാരവും, ശ്രീമതി.യു.മുഹ്സിനയ്ക്ക് വെക്കേഷൻ സാലറി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

ഇപ്രകാരം റിട്ട് ഹർജി നം.1414/2021 (ബി) നമ്പർ കേസ്സിലെ പരാമർശം 6 പ്രകാരമുള്ള വിധിന്യായം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K NANDA KUMAR
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപ ഡയറക്ടർ, മലപ്പുറം- 676519

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മലപ്പുറം- 676505

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കിഴിശ്ശേരി, മലപ്പുറം- 673641

ശ്രീമതി. മുഹ്സീന.യു., എൽ.ജി. ഉറുദു ടീച്ചർ, യു.എ.എച്ച്.എം. യു.പി. സ്കൂൾ, ഒമന്നൂർ, മലപ്പുറം- 673645

മാനേജർ/ഹെഡ്മാസ്റ്റർ,യു.എ.എച്ച്.എം. യു.പി. സ്കൂൾ, ഒമന്നൂർ, മലപ്പുറം- 673645

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്(Vide UO Note EDN-A3/218/2021-Fin)

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
**Signed by Mini.t.r.**
**Date: 12-04-2022 11:48:11**
സെക്ഷൻ ഓഫീസർ